## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** **12-10-2021 - ൽ മറുപടിയ്ക്ക്**

## ഇ. ജി. ഹെർബൽ പ്രൈവറ്റ് ലിമിറ്റഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന ഇ. ജി. ഹെർബൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമയായ പ്രവാസി പ്രസ്തുത സംരംഭം ഉപേക്ഷിച്ചു പോകാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | മേനംകുളത്തെ കിൻഫ്ര അപ്പാരൽ പാർക്കിൽ ഇ.ജി. ഹെർബൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2009-ൽ ഹെർബൽ എക്സ്ട്രാക്ട് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പാട്ട വ്യവസ്ഥയിൽ 49.5 സെന്റ് ഭൂമി അലോട്ട് ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത സംരംഭകനും കിൻഫ്രയും തമ്മിൽ 30.11.2009-ൽ ഇതുമായി ബന്ധപ്പെട്ട് ലൈസൻസ് എഗ്രിമെന്റും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 24 മാസത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കണം എന്നതാണ് വ്യവസ്ഥ. പ്രസ്തുത സംരംഭകൻ അലോട്ട് ചെയ്യപ്പെട്ട ഭൂമിയിൽ ഒരു ഭാഗം മാത്രം വിനിയോഗിച്ച് 800ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഫാക്ടറി ഷെഡ് നിർമ്മിച്ച് നാമമാത്രമായ രീതിയിൽ പ്രവർത്തനം ആരംഭിക്കുകയാണ് ചെയ്തത്. എന്നാൽ പിന്നീട് പ്രസ്തുത യൂണിറ്റ് പ്രവർത്തനം നിലയ്ക്കുകയും ദീർഘകാലം പ്രവർത്തന രഹിതമായി നിലനിൽക്കുകയും ചെയ്തു. ഇതേതുടർന്ന് കിൻഫ്ര നിരവധി തവണ യൂണിറ്റ് പ്രവർത്തനത്തെ സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് കത്തുകൾ നൽകിയെങ്കിലും എല്ലാ കത്തുകളും കൈപ്പറ്റാൻ ആളില്ലാത്ത രീതിയിൽ തിരികെ വരുകയുമാണ് ചെയ്തത്. ഇതോടൊപ്പംതന്നെ പാർക്കിൽ ഭൂമിയുടെ ആവശ്യക്കാർ ധാരാളമായി വരുകയും ചെയ്തു. ഇത്തരത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന യൂണിറ്റുകളുടെ സംരംഭകരിൽ നിന്ന് ഭൂമി തിരികെ എടുത്ത് വ്യവസായം നടത്താൻ താല്പര്യമുള്ളവർക്ക് വീണ്ടും അലോട്ട് ചെയ്യുന്ന നിയമം അനുശാസിക്കുന്ന നടപടിയാണ് കിൻഫ്ര ചെയ്യുന്നത്. ഈ സംരംഭകന്റെ കാര്യത്തിലും ഇതേ മാർഗ്ഗമാണ് പിൻതുടർന്നത്. കൂടാതെ ഇ.ജി. ഹെർബൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ Registrar of Companies അവരുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും പ്രവർത്തന രഹിതമായ ഒരു സ്ഥാപനം ദീർഘനാൾ ഈ അവസ്ഥയിൽ നിലനിർത്തുന്നത് ചട്ടവിരുദ്ധമായതിനാലാണ് കിൻഫ്രയുടെ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ച് ടി വ്യവസായിക്ക് അനുവദിച്ചിരുന്ന ഭൂമി തിരിച്ചെടുത്തിട്ടുള്ളത്. |
| (ബി) | 2009 ൽ പ്രസ്തുത വ്യവസായിക്ക് അനുവദിച്ച ഭൂമി തിരിച്ചെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ? | (ബി) | മേനംകുളത്തെ കിൻഫ്ര അപ്പാരൽ പാർക്കിൽ ഇ.ജി. ഹെർബൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2009-ൽ ഹെർബൽ എക്സ്ട്രാക്റ്റ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പാട്ട വ്യവസ്ഥയിൽ 49.5 സെന്റ് ഭൂമി അലോട്ട് ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത സംരംഭകനും കിൻഫ്രയും തമ്മിൽ 30.11.2009-ൽ ഇതുമായി ബന്ധപ്പെട്ട് ലൈസൻസ് എഗ്രിമെന്റും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 24 മാസത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കണം എന്നതാണ് വ്യവസ്ഥ. പ്രസ്തുത സംരംഭകൻ അലോട്ട് ചെയ്യപ്പെട്ട ഭൂമിയിൽ ഒരു ഭാഗം മാത്രം വിനിയോഗിച്ച് 800ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഫാക്ടറി ഷെഡ് നിർമ്മിച്ച് നാമമാത്രമായ രീതിയിൽ പ്രവർത്തനം ആരംഭിക്കുകയാണ് ചെയ്തത്. എന്നാൽ പിന്നീട് പ്രസ്തുത യൂണിറ്റ് പ്രവർത്തനം നിലയ്ക്കുകയും ദീർഘകാലം പ്രവർത്തന രഹിതമായി നിലനിൽക്കുകയും ചെയ്തു. ഇതേതുടർന്ന് കിൻഫ്ര നിരവധി തവണ യൂണിറ്റ് പ്രവർത്തനത്തെ സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് കത്തുകൾ നൽകിയെങ്കിലും എല്ലാ കത്തുകളും കൈപ്പറ്റാൻ ആളില്ലാത്ത രീതിയിൽ തിരികെ വരുകയുമാണ് ചെയ്തത്. ഇതോടൊപ്പംതന്നെ പാർക്കിൽ ഭൂമിയുടെ ആവശ്യക്കാർ ധാരാളമായി വരുകയും ചെയ്തു. ഇത്തരത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന യൂണിറ്റുകളുടെ സംരംഭകരിൽ നിന്ന് ഭൂമി തിരികെ എടുത്ത് വ്യവസായം നടത്താൻ താല്പര്യമുള്ളവർക്ക് വീണ്ടും അലോട്ട് ചെയ്യുന്ന നിയമം അനുശാസിക്കുന്ന നടപടിയാണ് കിൻഫ്ര ചെയ്യുന്നത്. ഈ സംരംഭകന്റെ കാര്യത്തിലും ഇതേ മാർഗ്ഗമാണ് പിൻതുടർന്നത്. കൂടാതെ ഇ.ജി. ഹെർബൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ Registrar of Companies അവരുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പൂർണ്ണമായും പ്രവർത്തന രഹിതമായ ഒരു സ്ഥാപനം ദീർഘനാൾ ഈ അവസ്ഥയിൽ നിലനിർത്തുന്നത് ചട്ടവിരുദ്ധമായതിനാലാണ് കിൻഫ്രയുടെ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ച് ടി വ്യവസായിക്ക് അനുവദിച്ചിരുന്ന ഭൂമി തിരിച്ചെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ